പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 397 — 06.02.2013-ൽ മറുപടിയ്ക്ക്

# ഉപഭോക്താക്കൾ തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയാനുള്ള സംവിധാനം

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

,, കെ. ശിവദാസൻ നായർ :

,, ബെന്നി ബഹനാൻ :

,, ജോസഫ് വാഴക്കൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തൊട്ടാകെ എ.പി.റ്റി.എസിന്റെ 13 സ്ക്വാഡുകളും ഉപഭോക്താക്കളുടെ മീറ്ററും അനുബന്ധ ഉപകരണങ്ങളും കണക്ടഡ് ലോഡും പരിശോധിക്കുന്നതിനുള്ള ഒരു സ്ഥിരം സംവിധാനവും നിലവിലുണ്ട്. പരിശോധനയിൽ ഉപഭോക്താക്കൾ തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നതായി കണ്ടെത്തിയാൽ വൈദ്യുതി നിയമം 2003 സെക്ഷൻ 126 അനുശാസിക്കുന്ന രീതിയിൽ പിഴ ചുമത്തുകയും ചെയ്തു വരുന്നു. |
| (ബി) | ഇങ്ങനെയുള്ള തെറ്റുകൾ ക്രമവൽക്കരിക്കാൻ വൈദ്യുത ബോർഡ് ഉപഭോക്താക്കൾക്ക് അവസരം നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. 15.12.2012 മുതൽ 31.01.2013 വരെയുള്ള കാലയളവിൽ ഉപഭോക്താക്കൾക്ക് അധിക കണക്ടഡ് ലോഡും തെറ്റായ താരിഫിലുള്ള ഉപഭോഗവും സ്വമേധയാവെളിപ്പെടുത്തി പിഴ കൂടാതെ അവ ക്രമീകരിക്കുന്നതിനു ബോർഡ് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | എന്തെല്ലാം തെറ്റായ രീതികളാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | അനുവദനീയമായതിലും കൂടുതലായി ഉപയോഗിക്കുന്ന കണക്ടഡ് ലോഡും, കുറഞ്ഞ താരിഫിൽ വൈദ്യുതി എടുത്ത് കൂടിയ താരിഫിൽ ഉപയോഗിക്കുന്ന തെറ്റായ രീതിയും ക്രമീകരിക്കുന്നതിനുള്ള അവസരമാണ് ഈ സ്വയം വെളിപ്പെടുത്തൽ പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കുന്നതെങ്ങനെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | മേൽപ്പറഞ്ഞ പ്രകാരം തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് 15.12.2012 മുതൽ 31.01.2013 വരെയുള്ള കാലയളവിൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ ഏതെങ്കിലും ബോർഡ് ഉദ്യോഗസ്ഥൻ മുമ്പാകെ സ്വയംവെളിപ്പെടുത്തൽ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി 15 ദിവസത്തിനുള്ളിൽ ഉപഭോക്താവിനെ അറിയിക്കേണ്ടതാണ്. 31.01.2013 നോ അതിനുമുൻപോ അപേക്ഷ സമർപ്പിക്കുന്ന ഉപഭോക്താക്കൾക്ക് തെറ്റുകൾ ക്രമീകരിക്കുന്നതിനു 28.02.2013 വരെ സമയം അനുവദിച്ചിട്ടുണ്ട്. താരിഫ് തെറ്റായി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം പുതുക്കിയ താരിഫ് 15.12.2012 മുതൽ നിലവിൽ വരുത്തുന്നതാണ്. അധികലോഡ് ക്രമീകരിക്കുന്ന വേളയിൽ കൂടുതലായി വേണ്ടിവരുന്ന സെക്യൂരിറ്റി ഡിപ്പോസിറ്റ് ഉപഭോക്താവ് ഒടുക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ.